# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3563 — 17.12.2015 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളിലേക്ക ബ്രാഞ്ച് മാനേജർ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്കുകളിലേക്ക ബ്രാഞ്ച് മാനേജർ തസ്തികകളിൽ കാറ്റഗറി നമ്പർ 433/2009, കാറ്റഗറി നമ്പർ 434/2009 എന്നിവ പ്രകാരം പി.എസ്.സി. വെരിഫിക്കേഷൻ അനുസരിച്ചുള്ള പരീക്ഷയും ഇന്റർവ്യൂവും നടത്തിയത് ഏതെല്ലാം ദിവസങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ (Cat No. 433/2009, 434/2009) തസ്തികയുടെ OMR പരീക്ഷ നടന്നത് 29.09.2012 ന് ആണ്. ടി തസ്തികയുടെ ഇന്റർവ്യൂ 08.10.2014, 09.10.2014, 10.10.2014, 15.10.2014, 16.10.2014, 17.10.2014, 23.10.2014, 24.10.2014, 29.10.2014, 30.10.2014 എന്നീ തീയതികളിൽ ആണ് നടന്നത്. |
| (ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണെന്നും അതിൽ നിന്നും ഇതുവരെ എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ;<br><br>(സി) നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഒഴിവുകൾ റാങ്കുലിസ്റ്റിൽ നിന്നും നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുടെ റാങ്ക് ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>ഈ തസ്തികയിൽ നിന്നും നിയമനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല.<br>ടി തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട് ഏതാനും ഉദ്യോഗാർത്ഥികൾ ബഹു.സുപ്രീംകോടതിയിൽ SLP ഫയൽ ചെയ്തതിനെത്തുടർന്ന് 31 ഒഴിവുകൾ മാറ്റിവയ്ക്കാൻ ഇടക്കാല ഉത്തരവിലൂടെ ആവശ്യപ്പെട്ടിരുന്നു. ടി തസ്തികയുടെ നിയമനം ജില്ലാടിസ്ഥാനത്തിൽ ആയതിനാലും മേൽപ്പറഞ്ഞ ഒഴിവുകൾ ഏതൊക്കെ ജില്ലകളിൽ എത്രവീതമാണ് മാറ്റിവയ്ക്കേണ്ടത് എന്നത് സംബന്ധിച്ച് |

ബഹു.സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിൽ വ്യക്തമായി ഒന്നും പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിലുമാണ് നിയമന ശുപാർശ നൽകാൻ കഴിയാത്തത്. ഇത് സംബന്ധിച്ച വ്യക്തതയ്ക്കായി പി.എസ്.സി. ബഹു.സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്. ടി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് നിയമന ശുപാർശ നടപടികൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | ഒഴിവുകൾ | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി |
|---|---|---|
| തിരുവനന്തപുരം | 18 | 27.03.2015 |
| കൊല്ലം | 14 | 08.12.2014 |
| പത്തനംതിട്ട | 12 | 08.12.2014 |
| ആലപ്പുഴ | 8 | 17.11.2014 |
| കോട്ടയം | 16 | 29.12.2014 |
| ഇടുക്കി | 11 | 13.01.2015 |
| എറണാകുളം | 11 | 07.01.2015 |
| തൃശ്ശൂർ | 13 | 23.12.2014 |
| പാലക്കാട് | 10 | 11.11.2014 |
| മലപ്പുറം | 5 | 11.12.2014 |
| കോഴിക്കോട് | 13 | 11.03.2014 |
| വയനാട് | 8 | 23.12.2014 |
| കണ്ണൂർ | 11 | 17.11.2014 |
| കാസറഗോഡ് | 7 | 30.12.2014 |